**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1910** **04-02-2026 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയം തൊഴിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾ, വിവാഹമോചിതർ, ഭർത്താവ് ഉപേക്ഷിക്കപ്പെട്ടവർ എന്നിവർക്ക് സ്വയംതൊഴിൽ ലഭ്യമാക്കുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **കേരളത്തിലെ ന്യൂനപക്ഷ സമുദായങ്ങളിലെ വിധവകൾ, വിവാഹമോചിതർ,ഭർത്താവ് ഉപേക്ഷിച്ച സ്ത്രീകൾ എന്നിവരെ സ്വയം തൊഴിൽ അവസരങ്ങളിലേക്ക് നയിക്കുന്നതിനോടൊപ്പം സബ്സിഡി സഹായത്തിലൂടെ അവരുടെ സാമ്പത്തിക സ്വാതന്ത്ര്യം ഉറപ്പുവരുത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കേരള സംസ്ഥാന മൈനോറിറ്റീസ് ഡെവലപ്മെൻറ് ഫിനാൻസ് കോർപ്പറേഷൻ വഴിയാണ് സ്വയം തൊഴിൽ പദ്ധതി നടപ്പാക്കുന്നത്.കേരള സംസ്ഥാന മൈനോറിറ്റീസ് ഡെവലപ്മെൻറ് ഫിനാൻസ് കോർപ്പറേഷൻ വഴി നടപ്പാക്കുന്ന പദ്ധതിയിൽ പരമാവധി 5 ലക്ഷം രൂപയാണ് വായ്പ അനുവദിക്കുന്നത്. വായ്പത്തുകയുടെ 20% സബ്സിഡി ഇനത്തിൽ പരമാവധി ഒരു ലക്ഷം രൂപയാണ് അനുവദിക്കുന്നത്. നടപ്പ് സാമ്പത്തിക വർഷം 2225-04-102-88 ശീർഷകത്തിൽ പ്രസ്തുത പദ്ധതിയ്ക്ക് 5 കോടി രൂപ വകയിരുത്തിയിട്ടുള്ളതും സ്കീം സംബന്ധിച്ച വിജ്ഞാപനം 14.01.2026ന് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. 2026ഫെബ്രുവരി മാസത്തോടു കൂടി ഫണ്ട് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര തുക അനുവദിക്കുമെന്ന് വ്യക്തമാക്കാമോ; സബ്സിഡി ലഭ്യമാണോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | **കേരളത്തിലെ ന്യൂനപക്ഷ സമുദായങ്ങളിലെ വിധവകൾ, വിവാഹമോചിതർ,ഭർത്താവ് ഉപേക്ഷിച്ച സ്ത്രീകൾ എന്നിവരെ സ്വയം തൊഴിൽ അവസരങ്ങളിലേക്ക് നയിക്കുന്നതിനോടൊപ്പം സബ്സിഡി സഹായത്തിലൂടെ അവരുടെ സാമ്പത്തിക സ്വാതന്ത്ര്യം ഉറപ്പുവരുത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കേരള സംസ്ഥാന മൈനോറിറ്റീസ് ഡെവലപ്മെൻറ് ഫിനാൻസ് കോർപ്പറേഷൻ വഴിയാണ് സ്വയം തൊഴിൽ പദ്ധതി നടപ്പാക്കുന്നത്.കേരള സംസ്ഥാന മൈനോറിറ്റീസ്** |

| | | | |
|---|---|---|---|
| | | | **ഡെവലപ്മെൻറ് ഫിനാൻസ് കോർപ്പറേഷൻ വഴി നടപ്പാക്കുന്ന പദ്ധതിയിൽ പരമാവധി 5 ലക്ഷം രൂപയാണ് വായ്പ അനുവദിക്കുന്നത്. വായ്പത്തുകയുടെ 20% സബ്സിഡി ഇനത്തിൽ പരമാവധി ഒരു ലക്ഷം രൂപയാണ് അനുവദിക്കുന്നത്. നടപ്പ് സാമ്പത്തിക വർഷം 2225-04-102-88 ശീർഷകത്തിൽ പ്രസ്തുത പദ്ധതിയ്ക്ക് 5 കോടി രൂപ വകയിരുത്തിയിട്ടുള്ളതും സ്കീം സംബന്ധിച്ച വിജ്ഞാപനം 14.01.2026ന് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. 2026ഫെബ്രുവരി മാസത്തോടു കൂടി ഫണ്ട് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** |
| (സി) | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ ഉള്ളവർക്ക് പ്രത്യേക പരിഗണന നൽകുന്നുണ്ടോ; മറ്റ് ഏതെല്ലാം വിഭാഗങ്ങൾക്കാണ് മുൻഗണന ലഭ്യമാക്കുന്നത്; വിശദമാക്കാമോ; | (സി) | ഉണ്ട്. മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ ഉള്ളവർ, 18 വയസ്സിന് താഴെ പ്രായം വരുന്ന കുട്ടികൾ ഉള്ളവർ, ബി.പി.എൽ കുടുംബങ്ങൾ എന്നിവർക്ക് പദ്ധതിയിൽ മുൻഗണന ലഭിക്കും. B.P.L കുടുംബങ്ങളുടെ അഭാവത്തിൽ 2.5 ലക്ഷം രൂപ വരെ വരുമാനമുള്ള A.P.L കുടുംബങ്ങളെയും പരിഗണിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത പദ്ധതിയിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ? | (ഡി) | <u>പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.</u><br><br>1.കേരളത്തിലെ ന്യൂനപക്ഷ സമുദായങ്ങളിലെ വിധവകൾ, വിവാഹമോചിതർ, ഭർത്താവ് ഉപേക്ഷിച്ച സ്ത്രീകൾ എന്നിവരെ സ്വയം തൊഴിൽ അവസരങ്ങളിലേക്ക് നയിക്കുന്നതിനോടൊപ്പം സബ്സിഡി സഹായത്തിലൂടെ അവരുടെ സാമ്പത്തിക സ്വാതന്ത്ര്യം ഉറപ്പുവരുത്തുക.<br>2.സാമ്പത്തിക ശാക്തീകരണത്തിലൂടെ പ്രാദേശിക സമ്പത്ത് വ്യവസ്ഥയിലേക്കും, സമൂഹത്തിലേക്കും സജീവമായ സംഭാവന നൽകി വിവേചനങ്ങളെയും ഒറ്റപ്പെടുത്തലുകളെയും മറികടന്ന് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് നയിക്കുക.<br>3. സുസ്ഥിരമായ ഉപജീവനമാർഗങ്ങൾ സൃഷ്ടിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിലൂടെ ദാരിദ്ര്യ സാധ്യത കുറയ്ക്കുക. |

സെക്ഷൻ ഓഫീസർ